"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- അനധികൃത കരിങ്കല്ല് ഖനനത്തിന് കൊല്ലം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ. അരുൺ വർഗ്ഗീസ്, മാനേജിംഗ് പാർട്ണർ, മെ. ടെസ്സ മൈൻസ്, കോട്ടയ്ക്കൽ, പട്ടം പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1537/2025/ID തീയതി,തിരുവനന്തപുരം, 24-12-2025

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 05.11.2025-ലെ കൊല്ലം ജില്ലാ ജിയോളജിസ്റ്റിന്റെ DOKOL-DMG/407/2024-E നമ്പർ ഡിമാന്റ് നോട്ടീസ്.
3. 06.11.2025-ലെ ശ്രീ. അരുൺ വർഗ്ഗീസ്, മാനേജിംഗ് പാർട്ണർ, മെ. ടെസ്സ മൈൻസ്, കോട്ടയ്ക്കൽ, പട്ടം പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ.
4. 30.11.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2877/2025-M6 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മാങ്കോട് വില്ലേജിൽ സർവ്വേ നം. 76/8, 77/1, 77/2, 78/6, 97/1, 97/2-ൽപ്പെട്ട 4.5592 ഹെക്ടർ സ്ഥലത്ത് 19.05.2030 വരെ കാലാവധിയിൽ ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുണ്ടെന്നും, അനധികൃത കരിങ്കല്ല് ഖനനത്തിന് കൊല്ലം ജില്ലാ ജിയോളജിസ്റ്റ് പരാമർശം(2) പ്രകാരം ഡിമാന്റ് ചെയ്ത തുക, സാമ്പത്തിക ബുദ്ധിമുട്ട് കാരണം ആറ് തുല്യ മാസ ഗഡുക്കാളായി ഒടുക്കുന്നതിന് അനുമതി നൽകണമെന്നും, ആദ്യ ഗഡു ഒടുക്കുന്ന മുറയ്ക്ക് ക്വാറിയിംഗ് പ്രവർത്തനങ്ങൾ പുന:രാരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ശ്രീ. അരുൺ വർഗ്ഗീസ്, മാനേജിംഗ് പാർട്ണർ, മെ. ടെസ്സ മൈൻസ്, കോട്ടയ്ക്കൽ, പട്ടം പി.ഒ, തിരുവനന്തപുരം പരാമർശം(3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2).കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മാങ്കോട് വില്ലേജിൽ ബ്ലോക്ക് നം.56, റീസർവ്വേ നം.76/8, 77/1, 77/2, 78/6, 97/1, 97/2-ൽ പ്പെട്ട 4.5592 ഹെക്ടർ സർക്കാർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് മെ. ടെസ്സ മൈൻസ് എന്ന സ്ഥാപനത്തിന് 10 വർഷ കാലാവധിയിൽ (20.05.2020 മുതൽ 19.05.2030 വരെ) ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നു. ആദ്യ അഞ്ച് വർഷത്തെ ഖനന കാലയളവിനു ശേഷം, 2025-ലെ കെ.എം.എം.സി ചട്ട ഭേദഗതി പ്രകാരം [G.O.(P) No.4/2025/ID dated 14.02.2025/ID] പ്രസ്തുത ക്വാറിയിൽ ഡ്രോൺ സർവ്വേ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ KLM/FRN00202/1 നമ്പരായുള്ള Kerala Mineral Drone- LiDAR Survey റിപ്പോർട്ട് ലഭിക്കുകയും ചെയ്തിരുന്നു. മേൽ ഡ്രോൺ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ക്വാറിയിൽ ലീസ് ഏരിയയിൽ നിന്നും, ബഫർ സോണിൽ നിന്നും, ലീസ് ഏരിയക്ക് പുറത്തു നിന്നുമായി 89122 MT കരിങ്കൽ അനധികൃതമായി ഖനനം ചെയ്തു നീക്കം ചെയ്തിട്ടുള്ളതായി ബോധ്യപ്പെടുകയും, ആയതിനു റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 69,16,784/- രൂപ (അറുപത്തി ഒൻപതു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി എൺപത്തി നാല്) മാത്രം ഒടുക്കുന്നതിന് ജില്ലാ ഓഫീസിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി തുക ഒടുക്കുന്നതിനു ഗഡുകൾ അനുവദിക്കണമെന്നും, ആദ്യ ഗഡു ഒടുക്കുന്ന മുറയ്ക്ക് ക്വാറി പ്രവർത്തിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള മെ. ടെസ്സ മൈൻസ് സമർപ്പിച്ച അപേക്ഷയിൽ ഡിമാൻഡ് തുക തവണകളായി ഒടുക്ക് വരുത്തുന്നതിന് അനുവദിക്കാമെന്ന് കൊല്ലം ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 115

പ്രകാരം ഡിമാന്റ് തുക ആറ് തുല്യ ഗഡുകളാക്കി അനുവദിക്കാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. അരുൺ വർഗ്ഗീസ്, മാനേജിംഗ് പാർട്ട്ണർ, മെ. ടെന്സ മൈൻസ്, കോട്ടയ്ക്കൽ, പട്ടം പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മാങ്കോട് വില്ലേജിൽ ബ്ലോക്ക് നം.56, റീസർവ്വേ നം.76/8, 77/1, 77/2, 78/6, 97/1, 97/2-ൽ പ്പെട്ട 4.5592 ഹെക്ടർ സർക്കാർ സ്ഥലത്ത് ലീസ് ഏരിയയിൽ നിന്നും, ബഫർ സോണിൽ നിന്നും, ലീസ് ഏരിയക്കു പുറത്തു നിന്നുമായി അനധികൃതമായി ഖനനം ചെയ്ത 89122 MT കരിങ്കല്ലിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ കൊല്ലം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത 69,16,784/- രൂപ (അറുപത്തി ഒൻപതു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം 115 പ്രകാരം ആറ് തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെട്ടുമെന്ന വ്യവസ്ഥയിൽ അപേക്ഷകന് അനുമതി നൽകിയും, ആദ്യ ഗഡു ഒടുക്കുന്ന മുറയ്ക്ക് നിയമാനുസൃതമായി മറ്റു തരത്തിൽ യോഗ്യമെങ്കിൽ ക്വാറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് കൊല്ലം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കൊല്ലം
ശ്രീ. അരുൺ വർഗ്ഗീസ്, മാനേജിംഗ് പാർട്ട്ണർ, മെ. ടെന്സ മൈൻസ്, കോട്ടയ്ക്കൽ, പട്ടം പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് ന്യൂമീഡിയ വകുപ്പ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 25-12-2025 10:59:05